## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7073 — 16.07.2012 - ൽ മറുപടിക്ക്

### ഐ.ഇ.ഡി.അദ്ധ്യാപക വിദ്യാർത്ഥി അനുപാതം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) ഐ.ഇ.ഡി. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ IEDSS പ്രകാരം അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:5 ആണ്. |
| (ബി) മാനസിക വൈകല്യമുള്ള കുട്ടികളുടെ ഉന്നമനത്തിന് എന്തൊക്കെ സഹായങ്ങളാണ് സർക്കാർ/എയ്ഡഡ് സ്കൂളുകൾ വഴി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) IEDSS പദ്ധതി പ്രകാരം വൈദ്യ പരിശോധനാ ക്യാമ്പ് വഴി കണ്ടെത്തുന്ന കുട്ടികൾക്ക് സാമ്പത്തിക സഹായം, റിസോഴ്സ് അദ്ധ്യാപകരുടെ സേവനം, അറ്റൻഡറുടെ സേവനം, തെറാപ്പി സേവനങ്ങൾ, റിസോഴ്സ് റൂം, റിസോഴ്സ് റൂമിലേക്കുള്ള ഉപകരണങ്ങൾ, ICT റിസോഴ്സസ്, ടീച്ചർമാർക്കും രക്ഷിതാക്കൾക്കും മറ്റുമുള്ള ഓറിയന്റേഷൻ പ്രോഗ്രാമുകൾ എന്നിവ നടത്തി വരുന്നു. ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ, വാസ്തു ശില്പപരമായ തടസ്സങ്ങൾ നീക്കം ചെയ്യൽ, എൻവയൺമെന്റ് ബിൽഡിംഗ് പരിപാടികൾ തുടങ്ങിയ സേവനങ്ങളും വിദ്യാർത്ഥികൾക്കായി നടത്തി വരുന്നു. |
| (സി) ഐ.ഇ.ഡി. അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ എന്തെല്ലാമാണെന്നും മാനസിക വൈകല്യമുള്ള വിദ്യാർത്ഥികളുടെ ക്ഷേമത്തിന് സംസ്ഥാനത്ത് എവിടെയെല്ലാം സ്കൂളുകൾ ഉണ്ടെന്നും അറിയിക്കുമോ? | (സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ IEDSS-ൻ കീഴിൽ കരാർ വ്യവസ്ഥയിൽ റിസോഴ്സ് ടീച്ചർമാരെ നിയമിച്ചിരിക്കുന്നു. നിലവിൽ 11620/- രൂപ (കൺസോളിഡേറ്റഡ്) ശമ്പളമാണ് റിസോഴ്സ് അദ്ധ്യാപകർക്ക് നൽകുന്നത്. കൂടാതെ MHRD നിഷ്കർഷിക്കുന്ന യോഗ്യത ഉള്ളവർക്ക് 400/-രൂപ സ്പെഷ്യൽ അലവൻസ് നൽകുന്നു. |

മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സർക്കാർ മേഖലയിൽ തിരുവനന്തപുരം പാങ്ങപ്പാറയിൽ സി.എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് പ്രവർത്തിച്ചു വരുന്നു. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും PWD Act/Rules പ്രകാരം രജിസ്ട്രേഷൻ ലഭിച്ച വ്യക്തികളും സംഘടനകളും നടത്തുന്ന സ്ഥാപനങ്ങൾ എല്ലാ ജില്ലകളിലും പ്രവർത്തിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ